(ഡി) സർക്കാർ എഞ്ചിനീയറിംഗ്, മെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളേക്കാൾ കൂടുതലായി ഇവർ നൽകേണ്ടതായി വരുന്ന ഫീസ്, ഫീസാനുകൂല്യമായി നൽകണമെങ്കിൽ ഉണ്ടാകാവുന്ന തുകയുടെ ബാദ്ധ്യത സംബന്ധിച്ച വിവരം കോഴ്സ് അടിസ്ഥാനത്തിൽ താഴെ കൊടുക്കുന്നു. എസ്.സി./എസ്.ടി./ഒ.ഇ.സി വിഭാഗത്തിലുള്ളവരുടെ ഫീസ്, റി-ഇംബേഴ്സ് ചെയ്യേണ്ടതിനാൽ ആ കണക്കുകൾ പ്രത്യേകം കാണിച്ചിരിക്കുന്നു. (2004-ലെ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ)

	കോഴ്സ്	എസ്.സി./എസ്.റ്റി./ ഒ.ഇ.സി. വിഭാഗത്തിലുള്ളവരുടെ എണ്ണം	മറ്റു വിഭാഗത്തിലുള്ളവർ	കൂടുതലായി നൽകേണ്ട തുക
1.	എഞ്ചിനീയറിംഗ്	644	..	2,15,74,000
		..	4756	15,93,26,000
2.	എം.ബി.ബി.എസ്.	40	..	40,44,600
		..	362	3,66,03,630
3.	ബി.ഡി.എസ്.	17	..	10,89,955
		..	151	96,81,365
4.	ബി.എ.എം.എസ്.	14	..	6,11,870
		..	125	54,63,125
5.	ബി.എസ്.എം.എസ്.	3	..	1,16,115
		..	17	6,57,985
6.	ബി.എസ്സി. നഴ്സിംഗ്	116	..	47,22,360
		..	684	2,78,45,640
7.	ബി.ഫാം.	78	..	20,52,180
		..	303	79,71,930
	ആകെ			28,17,60,755

പാലങ്ങളുടേയും കലുങ്കുകളുടേയും പുനർനിർമ്മാണ നടപടി

23 [*140] ശ്രീ. സാജു പോൾ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള സുരക്ഷിതമല്ലാത്ത പാലങ്ങളേയും കലുങ്കുകളേയും കുറിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സുരക്ഷിതമല്ലാത്ത പാലങ്ങളുടെ പുനർനിർമ്മാണത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇവയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) റോഡുകളും പാലങ്ങളും വിഭാഗത്തിൽ പ്രാഥമിക പരിശോധനയിൽ സുരക്ഷിതമല്ലെന്ന് കണ്ടെത്തിയ നാൽപ്പതോളം പാലങ്ങളുടെ വിശദമായ സർവ്വെ നടത്തുന്നതിനും ഡിസൈൻ തയ്യാറാക്കുന്നതിനുംവേണ്ടി ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന് സർക്കാർ സ്ഥാപനമായ എൽ. ബി. എസ്.-നെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ദേശീയപാതയിൽ സുരക്ഷിതമല്ലാത്ത പാലങ്ങളേയും കലുങ്കുകളേയും കുറിച്ച് പരിശോധന നടത്തിയിട്ടുണ്ട്. ദേശീയ പാതയിൽ കാലപ്പഴക്കംമൂലം പുനർനിർമ്മിക്കേണ്ടതായ 5 പാലങ്ങളുണ്ട്.

(ബി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ രണ്ടു പാലങ്ങളുടെ പണി ആരംഭിക്കുകയും ഒരെണ്ണത്തിന് ദർഘാസ് ക്ഷണിക്കുകയും 7 എണ്ണത്തിന് നബാർഡ് സാമ്പത്തിക സഹായം ലഭിക്കുകയും, 12 എണ്ണത്തിന് നബാർഡ് സഹായം ലഭിക്കുന്നതിലേക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ദേശീയ പാതയിൽ ഒരു പാലത്തിന്റെ പുനർനിർമ്മാണത്തിന് സി. ആർ. എഫ്. പദ്ധതിയിൽ 4 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ദേശീയ പാതയിൽ പാലങ്ങളുടെ പുനർനിർമ്മാണത്തിന് ഏകദേശം 17 കോടി രൂപയോളം ചെലവ് കണക്കാക്കപ്പെട്ടിട്ടുണ്ട്.

(സി) ദേശീയപാതയിൽ പാലങ്ങളുടെ പുനർ നിർമ്മാണത്തിനായി കേന്ദ്രസർക്കാർ തുക അനുവദിക്കുന്ന മുറയ്ക്ക് പ്രവർത്തി നടത്തുന്നതാണ്. റോഡുകളും പാലങ്ങളും വിഭാഗത്തിൽ എസ്റ്റിമേറ്റിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

ലക്ഷം വീടുകളുടെ അറ്റകുറ്റപ്പണികൾ

24 [*141] ശ്രീ. ഇ. എം. അഗസ്തി :

ഡോ. എം. എ. കുട്ടപ്പൻ :

പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര "ലക്ഷംവീട്" കോളനികളാണുള്ളത് ;

(ബി) ഈ കോളനികളിൽ എത്ര വീടുകൾക്ക് അറ്റകുറ്റപ്പണി ചെയ്യേണ്ടതായി വരുമെന്നാണ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് ;

(സി) ഈ വീടുകളുടെ അറ്റകുറ്റപ്പണിയ്ക്ക് എന്തു തുക ചെലവുവരും എന്നറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly